# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 12, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

സഹകരണവും ഖാദി ഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

<u>ശബരി റെയിൽപാത</u>

*631 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത തടസ്സങ്ങൾ നീക്കാൻ സാധിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) റെയിൽവേ ബഡ്ജറ്റിൽ ശബരി പാതയ്ക്കായി മുൻ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും എന്തു തുക വകയിരുത്തിയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത തുക എന്തിനാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തുക റെയിൽപാത നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

കെ. എസ്. ഐ. ഡി. സി. യുടെ പ്രവര്‍ത്തനങ്ങള്‍

*632 ശ്രീ. കെ. കെ. ജയചന്ദ്രന്‍
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ബാബു എം. പാലിശ്ശേരി
,, പി.ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. ഐ. ഡി. സി. യുടെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം പുതിയ പദ്ധതികളില്‍ കെ. എസ്. ഐ. ഡി. സി. പങ്കാളിത്തത്തിന് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം കെ. എസ്. ഐ. ഡി. സി. പങ്കാളിത്തത്തോടെ ഉല്പാദന മേഖലയില്‍ നിലവില്‍ വന്ന വ്യവസായ സംരംഭങ്ങള്‍ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>ഉണർവ് -2012</u>

*633 ശ്രീ. കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉണർവ് -2012 ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ;

(ബി) സംഘങ്ങളുടെ സാമ്പത്തികാടിത്തറ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമാക്കുമോ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>സഹകരണ കാർഷിക വായ്പാവിതരണം</u>

*634 ശ്രീ. ബി. ഡി. ദേവസ്സി
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ കാർഷിക വായ്പാ വിതരണ മേഖലയിൽ നിലവിലുള്ള ത്രിതല സംവിധാനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) റിസർവ്വ് ബാങ്കിന്റെ വാർഷിക വായ്പാ അവലോകന റിപ്പോർട്ടിൽ ഇത് സംബന്ധിച്ച നിർദ്ദേശം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>പലിശ നിരക്കുകള്‍ നിര്‍ണ്ണയിക്കുന്നതിന് സഹകരണ മേഖലയിലെ സംവിധാനം</u>

*635 ശ്രീ. ജി. സുധാകരന്‍
,, എസ്. ശര്‍മ്മ
,, എം. ചന്ദ്രന്‍
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന - ജില്ലാ - പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിനും, വായ്പയ്ക്കുമുള്ള പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; സംഘങ്ങള്‍ ഈടാക്കുന്ന മറ്റേതെങ്കിലും നിരക്കുകളില്‍ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) പലിശ നിരക്കുകള്‍ നിര്‍ണ്ണയിക്കുന്നതിന് സഹകരണ മേഖലയില്‍ നിലവിലുള്ള സംവിധാനം എന്താണ് ; ഏത് മാനദണ്ഡ പ്രകാരമാണ് നിരക്കുകളില്‍ മാറ്റം വരുത്തിയിരിക്കുന്നത് ;

(സി) പുതുക്കപ്പെട്ട പലിശ നിരക്കും ദേശസാല്‍കൃത ബാങ്കുകളുടെ നിലവിലുള്ള പലിശനിരക്കും തമ്മിലുള്ള വ്യത്യാസം വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>നാഫ്തയ്ക്ക് ഇറക്കുമതി പാരിറ്റി പ്രൈസിംഗ്</u>

*636 ശ്രീ. സി.കെ. സദാശിവൻ
,, പി.കെ. ഗുരുദാസൻ
,, ആർ. രാജേഷ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ അധിക ഉൽപാദനം നടക്കുന്നതിനാൽ കയറ്റുമതി ചെയ്യുന്ന ഒരു ഉൽപന്നമാണ് നാഫ്ത എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാഫ്തയ്ക്ക് ഇറക്കുമതി പാരിറ്റി പ്രൈസിംഗ് നടപ്പാക്കുന്നത് അശാസ്ത്രീയമാണെന്ന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നാഫ്തയുടെ വിലകുറച്ച് കായംകുളം, ബി.എസ്.ഇ.എസ്. നിലയങ്ങളിലെ വൈദ്യുതി നിരക്ക് താങ്ങാവുന്ന തരത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

*637 ശ്രീ. എം. എ. വാഹീദ്
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സംരംഭങ്ങളെ സഹായിക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇതിനുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

സഹകരണമേഖലയിലെ കർഷകരുടെ വായ്പാകുടിശ്ശിക

*638 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, പി. കെ. ഗുരുദാസൻ
,, ജെയിംസ് മാത്യു
,, പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഋണബാധ്യതയിൽപ്പെട്ട കർഷകരുടെ രക്ഷയ്ക്കായി, അന്താരാഷ്ട്ര സഹകരണ വർഷമായ 2012-ൽ സർക്കാർ എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സഹകരണമേഖലയിലെ കർഷകരുടെ വായ്പാകുടിശ്ശിക സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം</u>

*639 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, സി. മമ്മൂട്ടി
,, എം. ഉമ്മര്‍
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഷങ്ങളായി പ്രവര്‍ത്തനരഹിതമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങള്‍ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികള്‍ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം വ്യവസായ സ്ഥാപനങ്ങളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കാനും, കെട്ടിടങ്ങളും മെഷിനറിയും നശിച്ചുപോകാതെ സംരക്ഷിക്കാനും ഉള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നല്‍കുമോ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിലെ സൗജന്യപാസ്സുകൾ

*640 ശ്രീ. വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ മൊത്തം എത്ര സൗജന്യ പാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) സൗജന്യ പാസ്സ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് അനുവദിക്കുന്നതെന്നും അതിൽ ഓരോ വിഭാഗത്തിനും എത്ര വീതം പാസ്സ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സൗജന്യ പാസ്സ് അനുവദിക്കുന്നതിലൂടെ പ്രതിവർഷം എന്ത് തുകയാണ് ടിക്കറ്റ് വരുമാനത്തിൽ കുറവ് വരുന്നത്; ഇതിൽ എന്ത് തുക സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ട്;

(ഡി) കാൻസർ രോഗികൾക്ക് സൗജന്യ പാസ്സ് അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ രോഗികൾക്ക് സൗജന്യ യാത്രാ പാസ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്
സാങ്കേതിക വിദ്യ

*641 ശ്രീ. എം. ഉമ്മര്‍
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ഇപ്പോള്‍ ഉപയോഗിച്ചുവരുന്ന സാങ്കേതിക വിദ്യ വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തില്‍ വിദേശരാജ്യങ്ങള്‍ വ്യത്യസ്തമായ സാങ്കേതിക വിദ്യകള്‍ ഉപയോഗപ്പെടുത്തുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ അതില്‍ ഏറ്റവും ഫലപ്രദമായ സാങ്കേതിക വിദ്യ ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>കെ.ടി.ഡി.എഫ്.സി. നിക്ഷേപനയം</u>

*642 ശ്രീ. റ്റി. വി. രാജേഷ്
,, ജി. സുധാകരൻ
,, വി. ചെന്താമരാക്ഷൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ പരിഷ്കരിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കുമായി വാഹനവായ്പയായി ഇതുവരെ എന്ത് തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കെ.ടി.ഡി.എഫ്.സി നിക്ഷേപനയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ സംരക്ഷണം

*643 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് ഒരു വർഷം ചെലവിടുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതി ദുർബല പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>പാരാലിംപിക് ദേശീയ ചാമ്പ്യൻഷിപ്പ്</u>

*644 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരിക വൈകല്യമുള്ളവർക്കായി ബാംഗ്ലൂരിൽ വച്ച് നടത്തപ്പെട്ട പാരാലിംപിക് ദേശീയ ചാമ്പ്യൻഷിപ്പിൽ കേരളത്തിൽ നിന്ന് എത്ര പേർ മത്സരിച്ചെന്ന് പേരും മേൽവിലാസവും സഹിതം വെളിപ്പെടുത്താമോ ;

(ബി) ഇവർ ഏതെല്ലാം ഇനങ്ങളിൽ മത്സരിച്ചെന്നും എത്ര മെഡൽ കരസ്ഥമാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) പാരാലിംപിക് ദേശീയ ചാമ്പ്യൻഷിപ്പിൽ കേരളത്തിൽ നിന്ന് മത്സരിച്ചവരിൽ എത്ര പേരെ 2013-ൽ ജർമ്മനിയിൽ വച്ച് നടത്തുന്ന പാരാലിംപിക്സിലേയ്ക്ക് തെരഞ്ഞെടുത്തു; ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങൾ നല്കുമോ ;

(ഡി) ഇപ്രകാരം കേരളത്തിന് അഭിമാനകരമായി മെഡൽ നേട്ടം കൈവരിച്ച കായിക താരങ്ങൾക്ക് അർഹമായ അംഗീകാരം നല്കുന്നതിനും വിദഗ്ദ്ധ പരിശീലനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>പുതിയ സ്പോർട്സ് നയം</u>

*645 ശ്രീ. രാജു എബ്രഹാം
,, എം.എ. ബേബി
ഡോ. കെ.ടി. ജലീൽ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കരട് സ്പോർട്സ് നയത്തിന്റെ പ്രധാനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾതലത്തിൽ തന്നെ പ്രതിഭകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുവാൻ പ്രസ്തുത നയത്തിൽ എന്തെല്ലാം വിഭാവനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക കാലോചിതമായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് എന്ത് സഹായമാണ് ലഭിക്കുക;

(ഡി) സ്പോർട്സിൽ പ്രൊഫഷണലിസം ഏർപ്പെടുത്താനും ഇതിന്റെ ഭാഗമായി അത്ലറ്റിക് കമ്മീഷൻ രൂപീകരിക്കാനും നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ ഘടനയും പ്രവർത്തനവും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

ബസ് സ്റ്റോപ്പ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

*646 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാന റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കുശേഷം, ബസ് സ്റ്റോപ്പുകൾ പുനർനിർണ്ണയിക്കുകയും, വ്യക്തമായി അടയാളപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ തരം ബസുകൾക്കും സ്റ്റോപ്പുകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(സി) നഗരപ്രദേശങ്ങളിൽ ശരാശരി എത്ര അകലത്തിലാണ് ബസ്സ് സ്റ്റോപ്പുകൾ നിശ്ചയിച്ചിട്ടുള്ളത്; സ്റ്റോപ്പുകൾ നിശ്ചയിക്കുന്നതിൽ എന്തൊക്കെ ഘടകങ്ങൾ പരിഗണിക്കാറുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

സെയ്ഫ് വുമണ്‍ സെയ്ഫ് ട്രാവല്‍ പദ്ധതി

*647 ശ്രീ. കെ. അച്ചുതന്‍
,, വി. പി. സജീന്ദ്രന്‍
,, ലൂഡി ലൂയിസ്
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെയ്ഫ് വുമണ്‍ സെയ്ഫ് ട്രാവല്‍ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സ്ത്രീകള്‍ക്ക് യാത്രകളില്‍ മുന്തിയ പരിഗണന നല്‍കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>സൗരോര്‍ജ്ജത്തില്‍ നിന്ന് വൈദ്യുതി</u>

*648 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സൗരോര്‍ജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി വൈദ്യുതിബോര്‍ഡ് ആസൂത്രണം ചെയ്ത് നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കില്‍ ഏതു സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗപ്പെടുത്താന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സൗരോര്‍ജ്ജം വൈദ്യുതി ഉല്പാദത്തിന് ഉപയോഗപ്പെടുത്തുന്ന ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കില്‍ പ്രസ്തുത പഠന റിപ്പോര്‍ട്ടിന്റെ വിശദാംശങ്ങള്‍ നല്കാമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>ചെറുവനങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി</u>

*649 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി.ഡി. സതീശൻ
,, പി.സി. വിഷ്ണുനാഥ്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുവനങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>എന്റെ മരം പദ്ധതി</u>

*650 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ എന്റെ മരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുവാൻ സംവിധാനം</u>

*651 ശ്രീ. ആർ. സെൽവരാജ്
,, എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജജ് ഓൺലൈനായി അടയ്ക്കുവാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത സംവിധാനത്തിൻകീഴിൽ മുഴുവൻ ഉപഭോക്താക്കളേയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാന ഹജ്ജ് ഹൗസിൽ സിവിൽ സർവ്വീസ് കോച്ചിംഗ്</u>

*652

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഹജ്ജ് കമ്മിറ്റി സിവിൽ സർവ്വീസിനടക്കം കോച്ചിംഗ് നൽകുന്ന കേന്ദ്രങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാന ഹജ്ജ് ഹൗസിലും ഇതുപോലുള്ള സംവിധാനവും ന്യൂനപക്ഷ പദ്ധതികൾക്കായുള്ള ഹെൽപ്പ് ഡെസ്കും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>ആഗോളതലത്തിലെ ഇലക്ട്രോണിക്സ് വ്യവസായ സാദ്ധ്യത</u>

*653 ശ്രീ. കെ. രാജു
,, ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ ഇലക്ട്രോണിക്സ് വ്യവസായത്തിനുള്ള സാദ്ധ്യത സംസ്ഥാനത്ത് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാലഘട്ടങ്ങളിലാണ് പഠനങ്ങൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പഠന റിപ്പോർട്ടുകളിലൂടെ ലഭിച്ച പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യെ ലാഭകരമാക്കുന്നതിന് പദ്ധതി</u>

*654 ശ്രീ. എളമരം കരീം
,, എം. ഹംസ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി യുടെ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട തരത്തിൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി യെ ലാഭകരമായ പൊതുമേഖലാ സ്ഥാപനമാക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി</u>

*655 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ പദ്ധതിയ്ക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രയോജനങ്ങൾ ആർക്കെല്ലാമാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>ഉൽസവ സീസണുകളിലെ കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ</u>

*656 ശ്രീ. അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുന്ന ഓണം-റംസാൻ സീസണുകളിൽ വിപണികളിൽ ഇടപെടുന്നതിന് കൺസ്യൂമർഫെഡ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) എത്ര ഔട്ട്‌ലെറ്റുകളാണ് തുറക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് ഈ ഔട്ട്‌ലെറ്റുകൾവഴി ലഭ്യമാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ സാധനങ്ങൾ എന്തു വിലക്കുറവിലാണ് ജനങ്ങൾക്ക് നൽകുന്നത് ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

<u>ചെറുകിട വ്യാപാരമേഖലയിൽ വിദേശ നിക്ഷേപം</u>

T *657 ശ്രീ. ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാരമേഖലയിൽ വിദേശ നിക്ഷേപം അനുവദിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ സാമ്പത്തിക ഭദ്രതയേയും ചെറുകിട കച്ചവടക്കാരേയും ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം, നിത്യോപയോഗ സാധനങ്ങളുടെ വില പൂർണ്ണമായും ബഹുരാഷ്ട്ര കുത്തകകൾ തീരുമാനിക്കുന്നതിലേക്ക് നയിക്കും എന്ന് അറിയുമോ;

(സി) കർഷകരിൽ നിന്ന് വിളവെടുപ്പ് ഘട്ടത്തിൽ നാമമാത്രമായ വില നൽകി ഉല്പന്നങ്ങൾ ശേഖരിക്കുകയും മാർക്കറ്റിൽ ദൗർലഭ്യം സൃഷ്ടിച്ച് കൊള്ളലാഭം കൊയ്യുകയും ചെയ്യുന്ന രീതിയ്ക്ക് സംസ്ഥാനത്തെ ഉപഭോക്താക്കളെ വിട്ടുകൊടുക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>ടൂറിസം വികസനരംഗത്ത് സഹകരണവകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

*658 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. ശിവദാസൻ നായർ
'' എം. എ. വാഹീദ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനരംഗത്ത് സഹകരണവകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംഘങ്ങൾക്ക് ഓഹരിയും സബ്സിഡിയും നൽകുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.07.2012-ലെ മറുപടിക്ക്

ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ചയും തൊഴിലവസരങ്ങളും

*659 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ വളർച്ച ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സംരംഭങ്ങൾ വഴി സംസ്ഥാനത്ത് എന്ത് തുകയുടെ നിക്ഷേപങ്ങളും എത്ര തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ നിക്ഷേപങ്ങൾ ഏതെല്ലാം മേഖലകളിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.07.2012-ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റുകളിൽ ഇലക്ട്രോണിക് വേയിംഗ് മെഷീൻ</u>

*660 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ ഇലക്ട്രോണിക് വേയിംഗ് മെഷീൻ സ്ഥാപിക്കുവാൻ ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം, സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂലൈ 03

“T” ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.